## (60.) ഓമല്ലൂർ സെന്റ് മേരീസ് മലങ്കര സുറിയാനി കത്തോലിക്കാപള്ളിയുടെ ലഘുചരിത്രം

ഏറതുമ്പമൺ ഇടവകാംഗമായിരുന്ന ഓമല്ലൂർ കൊച്ചാറാട്ട് ഡാനിയേൽ സ്കറിയ (ഡാനിയേൽ സാർ) അതിരൂപതാധ്യക്ഷനായിരുന്ന അഭിവന്ദ്യ ബനഡിക്റ്റ് മാർ ഗ്രീഗോറിയോസ് മെത്രാപ്പോലിത്തായോട് ഓമല്ലൂരിൽ ഒരു ദേവാലയം ഉണ്ടാകേണ്ട ആവശ്യകതയെ അറിയിക്കുകയും അതിൻപ്രകാരം പിതാവ് ഭവനം സന്ദർശിക്കുകയും ആയതിന്റെ പശ്ചാത്തലത്തിൽ 1960ൽ തുമ്പമൺ ഏറം സെന്റ് ജോർജ്ജ് ഇടവക വികാരിയായിരുന്ന ജയിംസ് കിഴക്കേടത്ത് അച്ചന്റെ നേതൃത്വത്തിൽ ഓമല്ലൂരിൽ 50 സെന്റ് സ്ഥലം വാങ്ങുകയുണ്ടായി. ഓമല്ലൂരിൽ ദേവാലയം പണിയാൻ ചീക്കനാൽ കുടുംബാംഗമായ ഓമല്ലൂർ കാപ്പിൽ എം.സി.കുഞ്ഞൂകുഞ്ഞിനെ ചുമതലപ്പെടുത്തി. 1963 മെയ് 12-ാം തീയതി ദേവാലയം പരിശുദ്ധ ദൈവമാതാവിന്റെ നാമത്തിൽ അഭിവന്ദ്യ ബനഡിക്റ്റ് മാർ ഗ്രീഗോറിയോസ് പിതാവ് കൂദാശ ചെയ്തു. ഏറതുമ്പമൺ ഇടവകയിൽ നിന്നും 3 വിടും ചീക്കനാൽ ഇടവകയിൽ നിന്ന് 1 വിടും ചേർത്താണ് ഇടവക രൂപീകരിച്ചത്. ഇടവക കൂദാശ ചെയ്ത ദിവസം ഓമല്ലൂർ കന്നിയിടേത്ത് സ്കറിയാ സാർ പുനരൈക്യപ്പെട്ട് ഇടവകാംഗമായി ചേർന്നു. പ്രഥമവികാരിയായി തോമസ് പ്ലാവിളയിൽ അച്ചൻ പ്രവർത്തിച്ചു. രണ്ട് വർഷക്കാലം സ്ഥിരമായി വികാരിമാർ ഇല്ലായിരുന്നു. പത്തനംതിട്ട ജില്ലാവികാരി തോമസ് പണിക്കർ അച്ചനായിരുന്നു ചുമതല.

ഓമല്ലൂർ ഇടവകയുടെ വളർച്ചയെ കരുതി 1964-ൽ ആര്യഭാരതി ഹൈസ്കൂൾ വാങ്ങി. 1993-ൽ പിതാവിന്റെ കല്പന പ്രകാരം ജോർജ്ജ് പ്ലാവിള അച്ചൻ ഇംഗ്ലീഷ് മീഡിയം നേഴ്സറി സ്കൂൾ ആരംഭിച്ചു. 1987-ൽ കത്ബർട്ട് കപ്പൂച്ചിൻ അച്ചൻ പുതിയ ദേവാലയ നിർമ്മാണം ആരംഭിച്ചു. 1990-ൽ മാത്യു പൊന്മേലിൽ അച്ചൻ വികാരിയായി വരികയും പണി പൂർത്തികരിച്ച് 1990 സെപ്തംബർ 23-ന് അതിരൂപതാ സഹായമെത്രാൻ അഭിവന്ദ്യ ലോറൻസ് മാർ അപ്രേം തിരുമേനി കൂദാശ ചെയ്തു. ഇപ്പോൾ ഇടവകയിൽ 32 ഇടവകാംഗങ്ങൾ ഉണ്ട്.

**പള്ളിമേട**

നിലവിൽ ഉണ്ടായിരുന്ന പള്ളിമേട ജീർണ്ണാവസ്ഥയിലായിരുന്നതിനാൽ പൊളിച്ചുമാറ്റുകയും പുതുതായി പള്ളിമേട ഇടവക ജനങ്ങളുടെ സഹകരണാൽ നിർമ്മിക്കുകയും ചെയ്തു. നിർമ്മാണ പ്രവർത്തനത്തിന് നേതൃത്വം വഹിച്ചത് സഖറിയാസ് നെടിയകാലായിൽ അച്ചനായിരുന്നു. 2005-ൽ പണിആരംഭിച്ച് 2006-ൽ പണി പൂർത്തീകരിച്ച്, 2006 ജൂൺ 30-ന് മോറാൻ സിറിൽ മോർ ബസേലിയോസ് കതോലിക്കാബാവ കൂദാശ ചെയ്തു. പണി പൂർത്തീകരിച്ചത് തോമസ് പ്ലാവിളയച്ചനാണ്. 2008-ൽ ആഫീസ് കെട്ടിടം പണിയുകയുണ്ടായി.

ആര്യഭാരതി സ്കൂൾ ഗ്രൗണ്ടിനോടുചേർന്ന് 11 സെന്റ് സ്ഥലം കുരിശടി പണിയണമെന്നുള്ള ഉദ്ദേശത്തോടുകൂടി 1965-ൽ വാങ്ങി. പത്തനംതിട്ട രൂപത നിലവിൽ വന്നതിനുശേഷം നിലം നികത്തി അരമന കെട്ടിടം പണിയുകയും ഇപ്പോൾ ബാങ്ക് പ്രവർത്തിക്കുകയും ചെയ്യുന്നു.

ആറ്ററികം പള്ളിയുടെ കുരിശടിയോടു ചേർന്ന് 7.5 സെന്റ് സ്ഥലം 2013-ൽ അരമന വാങ്ങി. അഭിവന്ദ്യ ക്രിസോസ്റ്റം പിതാവിന്റെ നിർദേശപ്രകാരം അതിൽ 2.5 സെന്റ് സ്ഥലം ഓമല്ലൂർ ഇടവകയ്ക്കുവേണ്ടി സെമിത്തേരിക്ക് നൽകാമെന്ന ഉറപ്പിൽ സ്ഥലിന്റെ വിലയായി 2.5 ലക്ഷം രൂപ 2014 ജനുവരി 17-ന് അരമനയിൽ അടച്ചിട്ടുള്ളതാകുന്നു.

നിലവിലുള്ള പള്ളിയുടെ നവീകരണം ഇടവകയുടെ നേതൃത്വത്തിൽ 2020ൽ നടത്തുകയുണ്ടായി. നേതൃത്വം നല്കിയത് വികാരി ഫാ. വർഗീസ് ചാമക്കാലായിൽ അച്ചനാണ്.

**ഇടവകയിലെ ആദ്യത്തെ ഭവനങ്ങൾ**

1. ഡാനയേൽ സ്കറിയാ കൊച്ചറാട്ട് (തോണ്ടുവലിൽ)

2. സ്കറിയ ഇടിക്കുള പുലരിയേത്ത്

3. കെ.കുര്യൻ കോമാട്ടുപീടികയിൽ

4. എം.സി.കുഞ്ഞുകുഞ്ഞ് കാപ്പിൽ

5. കെ.സ്കറിയ കണിയിടേത്ത്

**ഇടവക വൈദികർ**

1. ഫാ. സഖറിയാസ് നന്തിയാട്ട് ഒ.ഐ.സി.

2. ഫാ. ഡാനിയേൽ ഥേൽ

3. ബ്ര. സ്കോട്ട് സ്ലീബാ പുളിമൂട്ടിൽ

**ഓമല്ലൂർ ഇടവകയിൽ സേവനം ചെയ്ത വൈദികർ**

| | | |
|---|---|---|
| 1. ഫാ. തോമസ് പ്ലാവിളയിൽ | - | 1963 |
| 2. ഫാ. വർഗീസ് ആമ്പശേരിൽ | - | 1963 |
| 3. ഫാ. സഖറിയാസ് എഴിയത്ത് | - | 1963 |
| 4. ഫാ. തോമസ് പണിക്കർ | - | 1963 - 1965 |
| 5. ഫാ. സ്റ്റീഫൻ ഒ.ഐ.സി. | - | 1965 - 1967 |
| 6. ഫാ. നോബർട്ട് ഒ.ഐ.സി. | - | 1965 - 1967 |
| 7. ഫാ. സഖറിയാസ് ചങ്ങംകരി | - | 1967 - 1968 |
| 8. ഫാ. സി.മാത്യു ഏഴാനിക്കാട്ട് | - | 1968 - 1981 |
| 9. ഫാ. ജോൺ കോന്നീയൂർ | - | 1972 - 1978 |
| 10. ഫാ.ജേക്കബ് പുത്തൻവിളയിൽ | - | 1981 - 1982 |
| 11. ഫാ. ഒ.കെ.വർഗീസ് ഇടത്തിൽ | - | 1982 - 1987 |
| 12. ഫാ. കത്ബർട്ട് കപ്പൂച്ചിൻ | - | 1987 - 1989 |
| 13. ഫാ. ജോസഫ് കൈപ്പള്ളിൽ | - | 1989 - 1990 |
| 14. ഫാ. മാത്യു പൊന്മേലിൽ കോറെപ്പിസ്കോപ്പ | - | 1990 - 1991 |
| 15. ഫാ. ഡോ. ജോർജ്ജ് പ്ലാവിളയിൽ | - | 1991 - 1994 |
| 16. ഫാ. ഡോ. ഫിലിപ്പ് ചെമ്പകശ്ശേരി | - | 1994 - 1996 |
| 17. ഫാ. ലൂയിസ് ഫിലിപ്പോസ് | - | 1996 - 1997 |
| 18. ഫാ. തോമസ് പൊന്മേലിൽ | - | 1997 |
| 19. ഫാ. കോശി വർഗീസ് (മാർ ഇഗ്നാത്തിയോസ്) | - | 1997 - 1998 |
| 20. ഫാ. ഗീവർഗീസ് മണ്ണിക്കരോട്ട് കോറെപ്പിസ്കോപ്പ | - | 1997 - 1998 |
| 21. ഫാ. സ്റ്റീഫൻ മാത്യു | - | 1998 - 2001 |

| | | |
|---|---|---|
| 22. ഫാ. തോമസ് ബാബു | - | 2001 - 2002 |
| 23. ഫാ. സാം ജി പരുവേലിൽ | - | 2002 - 2004 |
| 24. ഫാ. മാത്യു ആലുംമൂട്ടിൽ | - | 2003 - 2004 |
| 25. ഫാ. ജോസഫ് പുത്തൻകുളം | - | 2004 |
| 26. ഫാ. മാത്യു ആലുംമൂട്ടിൽ | - | 204 - 2005 |
| 27. ഫാ. സഖറിയാസ് നെടിയകാലായിൽ | - | 2005 - 2006 |
| 28. ഫാ. തോമസ് പ്ലാവിളയിൽ | - | 2006 - 2010 |
| 29. ഫാ. ഗീവർഗീസ് ചേടിയത്ത് | - | 2010 - 2015 |
| 30. ഫാ. ജോൺ കമ്പാറ | - | 2015 - 2019 |
| 31. ഫാ. വർഗീസ് ചാമക്കാലായിൽ | - | 2019 - |